# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 606 28.09.2016 ലെ മറുപടിയ്ക്ക്

## ചെക്ക് ഡാമുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>,, സണ്ണി ജോസഫ്<br>,, അൻവർ സാദത്ത്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ചെക്ക് ഡാമുകളുടെ നിർമ്മാണം സംസ്ഥാനത്തിന്റെ ജല സംരക്ഷണത്തിന് എത്രമാത്രം ഉപകരിക്കുമെന്നാണ് കണക്കാക്കിയിരുന്നത് : വിശദമാക്കുമോ ;<br><br>(സി) നാളിതുവരെ എത്ര ചെക്ക് ഡാമുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എ),(ബി) &(സി)<br><br>ഉണ്ട്. NABARD, കാസർഗോഡ് പാക്കേജ്, ചാലിയാർ ബേസിൻ, ഭവാനി ബേസിൻ, കബിനി ബേസിൻ, തലപ്പിള്ളി പാക്കേജ് തുടങ്ങിയ പ്ലാൻ സ്കീമുകളിലായി മൈനർ ഇറിഗേഷൻ 480 ചെക്ക് ഡാമുകൾ നിർമ്മിക്കാൻ അനുമതി നല്കിയിട്ടുണ്ട്. ഇവയിൽ 315 ചെക്ക് ഡാമുകൾ പൂർത്തിയായി. ചെക്ക് ഡാമുകളുടെ നിർമ്മാണം വഴി നദികളിലെ നീരൊഴുക്ക് പുനസ്ഥാപിക്കുക, കാലവർഷക്കാലത്തു ലഭിക്കുന്ന അധിക ജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷിക ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായുള്ള ജലം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.